## വിഷയാനുക്രമണിക.


| ഖണ്ഡം. | വിവരണം. | പുറം. |
|---|---|---|
| ൧ | സാമാന്യവിവരണം. | ൧ |
| ൨ | ഉദ്യോഗവിഭജനം. | ൩ |
| ൩ | പൊതുനിബന്ധനകളും പ്രധാനപ്പെട്ട ചില വകുപ്പുകളും. | ൪ |
| ൪ | ഒന്നിലധികം ഉദ്യോഗങ്ങൾക്കുള്ള അപേക്ഷ. | ൧൫ |
| ൫ | സമുദായവിഭജനം. | ൧൮ |
| ൬ | അപേക്ഷസംബന്ധിച്ച് ഉദ്യോഗാർത്ഥികളുമായുള്ള എഴുത്തുകുത്തുകൾ. | ൨൦ |
| ൭ | അപേക്ഷയോടുകൂടി ഹാജരാക്കേണ്ട പ്രമാണങ്ങൾ. | ൨൩ |
| ൮ | ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അനുഷ്ഠിക്കേണ്ട നടപടികളും അറിഞ്ഞിരിക്കേണ്ട വിവരങ്ങളും. | ൨൭ |
| ൯ | വൈദ്യപരിശോധന. | ൩൦ |
| ൰ | താണവിഭാഗത്തിൽപ്പെട്ട ഉദ്യോഗങ്ങൾക്കുവേണ്ടി അംഗീകരിക്കപ്പെട്ടിട്ടുള്ള സമുദായക്രമം. | ൩൨ |
| ൧ | പട്ടിക ൧സി-യിൽപ്പെട്ട താണവിഭാഗത്തിലെ ഉദ്യോഗാപേക്ഷയും നിയമനവിധവും. | ൩൭ |
| ൨ | പട്ടിക ൧ ബി-യിൽപ്പെട്ട താണവിഭാഗത്തിലെ ഉദ്യോഗാപേക്ഷയും നിയമനവിധവും. | ൪൨ |
| ൩ | മദ്ധ്യവിഭാഗത്തിലെ ഉദ്യോഗാപേക്ഷയും നിയമനരീതിയും. | ൪൯ |
| ൪ | ഉയർന്നവിഭാഗത്തിലെ നിയമനങ്ങൾ. | ൫൦ |
| ൫ | പട്ടിക ൧ സി-യിൽപ്പെട്ട ഉദ്യോഗങ്ങൾ. | ൫൧ |
| ൬ | പട്ടിക ൧ ബി-യിൽ താണവിഭാഗത്തിൽപ്പെട്ട ഉദ്യോഗങ്ങൾ. | ൫൯ |
| ൭ | മദ്ധ്യവിഭാഗത്തിൽപ്പെട്ട ഉദ്യോഗങ്ങൾ | ൬൫ |
| ൮ | ഫാറങ്ങൾ. | ൬൭ |

പത്രികനമ്പർ ൪൩൧: പൊതുജനാരോഗ്യവകുപ്പിലെ കൺസർവൻസി [illegible] സീയർ. ശമ്പളം (൨൦ മുതൽ ൨൫ രൂപാവരെ) തിരുവിതാംകൂർ ഗവൺമെൻറിൽനിന്നു നടത്തുന്ന വാക്സിനേഷൻക്ലാസ്സിലെ പരീക്ഷാവിജയം.

പത്രികനമ്പർ ൪൪൪. സ്റ്റാമ്പുനിർമ്മാണശാലയിലെ അച്ചടിക്കാർ. ശമ്പളം (൧൨ മുതൽ ൨൦ രൂപാവരെ) യോഗ്യതകൾ—ഇംഗ്ലീഷ് പരിജ്ഞാനവും നല്ല കായബലവും അംഗീകൃത അച്ചടിശാലയിൽ നുമാസത്തെ പരിശീലനവും. പുരുഷന്മാർക്കുമാത്രമുള്ള ഉദ്യോഗമാണിതു്. ചുരുക്കമായിട്ടേ ഈ ഉദ്യോഗത്തിൽ ഒഴിവുണ്ടാകാറുള്ളു.

നോട്ടു്.—സർക്കാർ അച്ചുക്കൂടത്തിലെ പ്രീസ്സുവകുപ്പിൽ ഉൾപ്പെട്ട ഉദ്യോഗങ്ങളിൽ പ്രതിഫലംകൂടാതെ (വാളൻറിയറായി) ജോലി ചെയ്യുന്നതിനു് പബ്ലിക്സർവീസ് കമ്മീഷണർ ആണു് നിയമനം നടത്തുന്നതു്. പുരുഷന്മാരെമാത്രമേ ഈ ഉദ്യോഗങ്ങളിൽ നിയമിക്കുകയുള്ളു. ഈ ഇനത്തിലുൾപ്പെട്ട ഓരോ ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള സാങ്കേതികയോഗ്യതകൾ വാളൻറിയർജോലിയിൽ പ്രവേശിച്ചു് മൂന്നുകൊല്ലക്കാലത്തിനകം അപേക്ഷകർ സമ്പാദിച്ചാൽ അവരെ ശമ്പളത്തോടുകൂടിയുള്ള പ്രീസ്സുവക്കുജോലിയിൽ അച്ചുക്കൂടംസൂപ്രണ്ടു് മുറപ്രകാരം നിയമിക്കുന്നതാണു്.

പ്രതിഫലംകൂടാതെ പ്രീസ്സുവർക്കുജോലി ചെയ്യുന്നതിനുവേണ്ടിയുള്ള നിയമനത്തിനു പബ്ലിക്സർവീസ് പത്താംനമ്പർ ഫാറത്തിൽ പൂറപ്പോലുള്ള ഫീസോടും മററു പ്രമാണങ്ങളോടുംകൂടി എപ്പോഴും അപേക്ഷിക്കാവുന്നതാണു്. പ്രീസ്സുവകുപ്പിൽ ഓരോ വിഭാഗങ്ങളിലുൾപ്പെട്ട ഉദ്യോഗത്തിനും സാമാന്യമായും സാങ്കേതികമായും ആവശ്യമുള്ള യോഗ്യതകൾ താഴെ കുറിക്കുന്നു. മററു യോഗ്യതകൾ ഒരുപോലെയിരുന്നാൽ ഗവൺമെൻറച്ചുക്കൂടത്തിൽ ജോലിയിൽ ഇരുന്നിട്ടുള്ളവരോ ഇപ്പോൾ ജോലിയിൽ ഇരിക്കുന്നവരോ ആയ സിവിൽ ബന്ധികളുടെ സന്താനങ്ങൾക്കു് മുൻഗണന നൽകുന്നതാണു്.

അപേക്ഷാസമയത്തു് സാമാന്യയോഗ്യത മാത്രമുണ്ടായിരുന്നാൽ മതിയാകുന്നതും സാങ്കേതികയോഗ്യതകൾ വാളൻറിയർ ജോലിയിൽ പ്രവേശിച്ചശേഷം ൩ കൊല്ലത്തിനകം സമ്പാദിച്ചിരിക്കേണ്ടതുമാകുന്നു.

## കമ്പോസിംഗു സെക്ഷൻ.

| | ഉദ്യോഗപ്പേരു്. | സാമാന്യയോഗ്യത. | സാങ്കേതികയോഗ്യത. |
|---|---|---|---|
| (൧) | കമ്പോസിറററ്. (ഇംഗ്ലീഷ്) | ൬-ാംഫാറം ജയിച്ചിരിക്കണം. | മദ്രാസ് ഗവൺമെൻറുവക ലോവർ കമ്പോസിറററ് പരീക്ഷ. |
| (൨) | ടി (മലയാളം) | ൭-ാംക്ലാസ്സ് ജയിച്ചിരിക്കണം. | ടി സാങ്കേതികപരീക്ഷ. |
| (൩) | ടി (തമിഴ്) | ടി | ടി |
| (൪) | ടി (സംസ്കൃതം) | പ്രഥമം ജയിച്ചിരിക്കണം. | ടി |

## മെഷീൻ സെക്ഷൻ.

| | ഉദ്യോഗപ്പേരു്. | സാമാന്യയോഗ്യത. | സാങ്കേതികയോഗ്യത. |
|---|---|---|---|
| (൧) | മെഷീൻഫീഡർ | ൨-ാം ഫാറമോ ൮-ാം ക്ലാസ്സോ ജയിച്ചിരിക്കണം. | മദ്രാസ് ഗവൺമെൻറുവക ലോവർ മെഷീൻവക്കു് പരീക്ഷ. |

